(സി) ലഭ്യമായ ജലം പരമാവധി ഉപയോഗപ്രദമാക്കുവാൻ ചെക്ക് ഡാമുകൾ നിർമ്മിക്കുവാനും അവയുടെ പണി ത്വരിതപ്പെടുത്തുവാനും തീരുമാനിച്ചു. 17 സ്കീമുകളിലായി 35 ചെക്ക് ഡാമുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

മലയോര പ്രദേശങ്ങളിലെ പ്രകൃതിദത്ത നീരുറവകൾ

3. [1719] ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മലയോര പ്രദേശങ്ങളിലെ പ്രകൃതിദത്ത നീരുറവകൾ ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജലസ്രോതസ്സുകൾ ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം, വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മലയോര പ്രദേശങ്ങളിലെ പ്രകൃതിദത്ത നീരുറവകൾ ഉപയോഗപ്പെടുത്തുന്നതിന് ജലസേചന വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് മലയോര ജലസംഭരണ പദ്ധതി. മലയോര മേഖലയിൽ ലഭ്യമായ ജലസ്രോതസ്സുകളിൽ ചെറുസംഭരണികൾ നിർമ്മിച്ച് ജലം സംഭരിച്ച് കൂടി വെള്ളത്തിനും ജലസേചനത്തിനും സഹായകമായ പദ്ധതികൾ സ്പോൺസറിംഗ് ഏജൻസികളുടെ സഹായത്തോടെ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. മലയോര ജലസംഭരണ പദ്ധതിൻകീഴിൽ കോട്ടയം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽ പണികൾ ഏറ്റെടുത്തിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് എന്നീ ജില്ലകളിൽ പണികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എം. എൽ. എ. ക്ക് ഒരു ജലസേചന പദ്ധതി

4. [1741] ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം. എൽ. എ. ക്ക് ഒരു ജലസേചന പദ്ധതി എന്ന സ്കീം നിലവിലുണ്ടോ ;

(ബി) പ്രസ്തുത സ്കീമിൽ സംസ്ഥാനത്തു ഇതുവരെയായി എത്ര പദ്ധതികൾ പൂർത്തിയായിട്ടുണ്ട് ;

(സി) ബാക്കിയുള്ള പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി ആൻഡ് സി) എം. എൽ. എ. ക്ക് ഒരു ജലസേചന പദ്ധതി എന്ന സ്കീം ജലസേചന വകുപ്പിൽ നിലവിലില്ല. എന്നാൽ ഓരോ നിയോജകമണ്ഡലത്തിലെയും എം. എൽ. എ. മാർ ചെയർമാനായുള്ള

LIBRARY ARCHIVES Kerala Legislative Assembly